**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1340** **27-07-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരവികസനത്തിനായി ക്ഷീരവികസന വകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | ക്ഷീരവികസനത്തിനായി ക്ഷീരവികസന വകുപ്പ് നിലവിൽ ക്ഷീരകർഷകർക്കും ക്ഷീര സംഘങ്ങൾക്കും വേണ്ടി തീറ്റപ്പുൽകൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് വികസന പദ്ധതി, ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, ഗുണനിലവാര ലാബുകളുടെ ശക്തിപ്പെടുത്തൽ, കാലിത്തീറ്റ സബ്സിഡി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ക്ഷീരോല്പാദന മേഖലയിൽ ക്ഷീര കർഷകർ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം കാലിത്തീറ്റയുടെയും വൈക്കോലിന്റെയും ലഭ്യത കുറയുന്നതും വില വർദ്ധിക്കുന്നതുമാണ്. ഇതിൽ നിന്ന് കർഷകർക്ക് ആശ്വാസം നൽകുന്നതിനാണ് തീറ്റപ്പുൽകൃഷി വികസന പദ്ധതി നടപ്പിലാക്കി വരുന്നത്. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകി വരുന്നു. കൂടാതെ ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീര ഗ്രാമം, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയവയും നടപ്പിലാക്കി വരുന്നു. ക്ഷീര സംഘങ്ങൾക്ക് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുമായി വിവിധ ആവശ്യങ്ങൾക്കായുള്ള ധനസഹായം നൽകൽ പദ്ധതിയിൽ നടത്തി വരുന്നു. ക്ഷീരവികസന വകുപ്പിന്റെ ഗുണനിലവാര ലാബുകൾ ശക്തിപ്പെടുത്തുന്നു. കാലിത്തീറ്റ സബ്സിഡി ക്ഷീരസംഘങ്ങൾ മുഖേന കർഷകർക്ക് നൽകി വരുന്നു. |

| | | | |
|---|---|---|---|
| (സി) | ക്ഷീരവികസന വകുപ്പ് ക്ഷീരകർഷക ക്ഷേമത്തിനായി നിലവിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളും അവയുടെ വിശദാംശങ്ങളും വ്യക്തമാക്കാമോ? | (സി) | ക്ഷീര കർഷക ക്ഷേമത്തിനായി ക്ഷീരവികസന വകുപ്പ് ക്ഷീര സാന്ത്വനം ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. ഈ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ പശുക്കളെ ഇൻഷ്വർ ചെയ്യുന്നതിനോടൊപ്പം കർഷകനെയും കുടുംബത്തെയും ഇൻഷ്വർ ചെയ്യാൻ സാധിക്കും. കൂടാതെ ക്ഷീരകർഷക ക്ഷേമത്തിനായി ക്ഷീരകർഷക ക്ഷേമനിധി പെൻഷനും നൽകി വരുന്നു. കുടുംബ പെൻഷൻ, വിദ്യാഭ്യാസ സഹായം, വിവാഹ ധനസഹായം എന്നിവയും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ